"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കൊല്ലം ജില്ലയിലെ തടിക്കാട് എ.കെ.എം.എച്ച്.എസ് മാനേജർ സമർപ്പിച്ച അപേക്ഷ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.8793/2025/GEDN തീയതി,തിരുവനന്തപുരം, 22-10-2025

---

പരാമർശം:- 1. കൊല്ലം, തടിക്കാട് എ.കെ.എം.എച്ച്.എസ് മാനേജർ സർക്കാരിലേക്ക് സമർപ്പിച്ച 08.04.2024-ലെ അപേക്ഷ.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26.11.2024-ലെ ഇ.ടി5/ 15535/2024/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

തടിക്കാട് എ.കെ.എം.എച്ച്.എസ് -ലെ പാർട്ട് ടൈം ഉറുദു അധ്യാപികയായുള്ള ശ്രീമതി. റീന കെ-യുടെ 12/07/2006 തീയതി മുതൽ 31/03/2007 വരെ ദിവസവേതനത്തിൽ അംഗീകരിക്കപ്പെട്ട നിയമനം, നിയമനത്തീയതിയായ 12/07/2006 മുതൽ തുടർച്ചയായി ശമ്പള സ്കെയിലിൽ അംഗീകരിക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) പ്രകാരമുള്ള അപേക്ഷ മാനേജർ സർക്കാരിലേക്ക് ലഭ്യമാക്കിയിരുന്നു.

2) സർക്കാർ പ്രസ്തുത വിഷയം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. തടിക്കാട് എ.കെ.എം.എച്ച്.എസിൽ 2006-07 വർഷത്തെ അധിക തസ്തികയിൽ 12-07-2006 മുതൽ മാനേജർ നിയമിച്ച ശ്രീമതി റീന.കെ യുടെ നിയമനം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ 23-08-2011 ലെ ഇ.ടി1/82128/2011/കെ.ഡിസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും 12-07-2006 മുതൽ 31-03-2007 വരെ ദിവസ വേതന അടിസ്ഥാനത്തിലും, തുടർന്ന് 01-06-2007 മുതൽ റെഗുലർ വ്യവസ്ഥയിലും അനുവദിച്ച് നൽകിയിരുന്നു. ടിയാൾക്ക് വെക്കേഷൻ കാലയളവിലെ അംഗീകാരവും ശമ്പളവും ലഭിച്ചിരുന്നില്ല. ഈ കാലയളവ് ക്രമീകരിച്ച് ലഭിക്കുന്നതിനായി മാനേജർ സമർപ്പിച്ച അപേക്ഷ പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ച് നൽകിയിട്ടുണ്ട്. ബഹു സുപ്രീം കോടതിയുടെ സി.എ നം.1643/13 സ്നേഹ ചെറിയാൻ Vs കേരളാ സർക്കാർ (2013(1) കെ.എൽ.റ്റി 755)-മേലുള്ള 22-02-2013-ലെ വിധിന്യായം നടപ്പിൽ വരുത്തികൊണ്ട് പുറപ്പെടുവിച്ചിരിക്കുന്ന 14-10-2015-ലെ 44977/ജെ2/2013 പൊ.വി.വ നമ്പർ കത്ത്, തുടർന്ന് 05-03-2018-ൽ പുറപ്പെടുവിച്ച ജെ3/182/2017/പൊ.വി.വ നമ്പർ കത്ത് എന്നിവ പ്രകാരം മരണം. വിരമിക്കൽ, സ്ഥാനക്കയറ്റം, രാജി, ദീർഘകാല അവധി എന്നിവ മൂലം ഉണ്ടാകുന്ന സ്ഥിരം

ഒഴിവുകളിൽ കെ.ഇ.ആർ അധ്യായം XIV എ ചട്ടം 49 പ്രകാരം അംഗീകാരം നൽകാൻ നിർദേശം ഉണ്ട്. എന്നാൽ പ്രസ്തുത കത്തുകളിൽ അധിക തസ്തികയിലെ നിയമനങ്ങളെ സംബന്ധിച്ച് നിർദ്ദേശം ഒന്നും തന്നെ ഇല്ലായിരുന്നു. 05-03-2018-ൽ സർക്കാർ പുറപ്പെടുവിച്ച ജെ3/182/2017/പൊ.വി.വ നമ്പർ കത്തിൽ കെ.ഇ.ആർ അധ്യായം XIV എ ചട്ടം 49 എയ്ഡഡ് സ്കൂളുകളിലെ സ്ഥിരം അല്ലാത്ത ഒഴിവുകളിൽ നിയമിതരായ അധ്യാപകർക്ക് മാത്രം ആണ് ബാധകം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ശ്രീമതി.റീന.കെ 2006-07 വർഷത്തെ അധിക തസ്തികയിൽ നിയമിതയായ അദ്ധ്യാപിക ആയതിനാൽ 14-10-2015-ലെ 44977/ജെ2/2013 പൊ.വി.വ നമ്പർ കത്ത്, ജെ3/182/2017/പൊ.വി.വ തീയതി 05-03-2018 നമ്പർ കത്ത് എന്നിവയിലെ നിർദ്ദേശങ്ങൾ ടിയാൾക്ക് ബാധകമായിരുന്നില്ല. എന്നാൽ അദ്ധ്യാപക തസ്തികകളിൽ ഉണ്ടാകുന്ന വിവിധ തരം ഒഴിവുകളെ എങ്ങനെ പരിഗണിക്കാം എന്ന് നിർദേശം നൽകികൊണ്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 31-03-2021-ലെ സ.ഉ.(കൈ) നം.136/2021 പൊ.വി.വ നമ്പർ ഉത്തരവിൽ അധിക തസ്തികകളിൽ ഉണ്ടാകുന്ന റഗുലർ ഒഴിവുകളെ സ്ഥിരം ഒഴിവുകളായി കണക്കാക്കി അത്തരം ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് ആദ്യ അക്കാദമിക വർഷത്തെ സേവന ദൈർഘ്യം പരിഗണിക്കാതെ വെക്കേഷൻ സാലറിക്ക് അർഹത ഉണ്ട് എന്ന് നിർദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ ഖണ്ഡിക 4-ൽ ഈ ഉത്തരവിലെ വ്യവസ്ഥകൾക്ക് ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം ഉള്ളൂ എന്നും ഇതിനോടകം തീർപ്പാക്കിയ കേസുകൾ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുന:പരിശോധിക്കേണ്ടതില്ല എന്നും വ്യക്തമാക്കിയിരുന്നതിനാലാണ് ശ്രീമതി റീന.കെ യുടെ ആവശ്യം പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു നൽകിയതെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) 14.10.2015-ലെ 44977/ജെ2/2013 പൊ.വി.വ നമ്പർ കത്തിൽ അധികതസ്തികയിലെ നിയമനം സംബന്ധിച്ച് യാതൊന്നും പരാമർശിച്ചിട്ടില്ല. റഗുലർ തസ്തികയിലെ നിയമനവും അംഗീകൃത ലീവ് വേക്കൻസികളും മാത്രമേ കണക്കിലെടുത്തിട്ടുള്ളൂ. 31-03-2021-ലെ സ.ഉ.(കൈ) നം.136/2021 പൊ.വി.വ നമ്പർ ഉത്തരവിൽ അധിക തസ്തികകളിൽ ഉണ്ടാകുന്ന റഗുലർ ഒഴിവുകളെ സ്ഥിരം ഒഴിവുകളായി കണക്കാക്കി അത്തരം ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് ആദ്യ അക്കാദമിക വർഷത്തെ സേവന ദൈർഘ്യം പരിഗണിക്കാതെ വെക്കേഷൻ സാലറിക്ക് അർഹത ഉണ്ട് എന്ന് നിർദേശിച്ചിട്ടുണ്ടെങ്കിലും ഈ ഉത്തരവിന്റെ ഖണ്ഡിക 4-ൽ ഈ ഉത്തരവിലെ വ്യവസ്ഥകൾക്ക് ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം ഉള്ളൂ എന്നും ഇതിനോടകം തീർപ്പാക്കിയ കേസുകൾ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുന:പരിശോധിക്കേണ്ടതില്ല എന്നും വ്യക്തമാക്കിയിട്ടുള്ളതിനാൽ ശ്രീമതി റീന.കെ യുടെ കേസിൽ ബാധകമാകുന്നില്ല. ആയതിനാൽ പരാമർശം (1) അപേക്ഷയിലെ അവശ്യം നിരസിച്ചു കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K J SALINI
അഡിഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പുനലൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

മാനേജർ, എ.കെ.എം.എച്ച്.എസ്, തടിക്കാട് കൊല്ലം - 691 306

ശ്രീമതി. റീന.കെ, പാർട്ട് ടൈം ഉറുദു ടീച്ചർ, എ.കെ.എം.എച്ച്.എസ്, തടിക്കാട്, കൊല്ലം - 691 306

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 23-10-2025 14:31:12
സെക്ഷൻ ഓഫീസർ